2021 നവംബർ 09 ന് ഉച്ചക്ക് ശേഷം 3.00 മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം ചേർന്ന സംയോജിത കിലയുടെ പതിനേഴാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്

ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)

| | | | |
|---|---|---|---|
| 1. | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>അഡീഷണൽ ചീഫ് സെക്രട്ടറി<br>തദ്ദേശ സ്വയംഭരണ വകുപ്പ്<br>തിരുവനന്തപുരം | : | ചെയർപേഴ്സൺ |
| 2. | ശ്രീ. എച്ച് ദിനേശൻ IAS<br>ഡയറക്ടർ<br>തദ്ദേശ സ്വയംഭരണ വകുപ്പ് (Rural) | : | മെമ്പർ |
| 3. | ശ്രീ ഹരികുമാർ കെ<br>ജോയിന്റ് ഡയറക്ടർ<br>തദ്ദേശ സ്വയംഭരണ വകുപ്പ്(Urban) നിന്നുള്ള പ്രതിനിധി | | മെമ്പർ |
| 4. | ശ്രീ. ബാലമുരളി ഡി IAS<br>കമ്മീഷണർ റൂറൽ ഡെവലപ്പ്മെന്റ് , ഗ്രാമവികസന വകുപ്പ്<br>തിരുവനന്തപുരം | : | മെമ്പർ |
| 5. | ശ്രീ. ആർ എസ് കണ്ണൻ<br>സ്പെഷൽ സെക്രട്ടറി<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>സെക്രട്ടറിയേറ്റ്, തിരുവനന്തപുരം | | മെമ്പർ |
| 6. | ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | കൺവീനർ |

ഐറ്റം നമ്പർ -01

**16/10/2021 തീയ്യതിയിലെ സംയോജിത കിലയുടെ പതിനാറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് (കരട്) അംഗീകരിക്കുന്നത് സംബന്ധിച്ച്**

16/10/2021 തീയ്യതിയിലെ സംയോജിത കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് (കരട്) അംഗീകാരത്തിനായി സമർപ്പിക്കുന്നു. അനുബന്ധം-(1)

**തീരുമാനം :**
**16/10/2021 തീയ്യതിയിലെ സംയോജിത കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു**

ഐറ്റം നമ്പർ - 02

മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ

| ACTION TAKEN REPORT ON THE DECISION OF THE 16th EXECUTIVE COMMITTEE MEETING HELD ON 16/10/2021 | |
|---|---|
| Executive Committee Decision | Action Taken |
| ഐറ്റം നമ്പർ - 01<br>10/08/2021 തീയ്യതിയിലെ സംയോജിത കിലയുടെ പതിനഞ്ചാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം : 10/08/2021 തീയ്യതിയിലെ സംയോജിത കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു** | നടപടി പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ - 02<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br><br>**തീരുമാനം : മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു** | എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം 09/11/2021 തീയതിയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ചചെയ്യുന്നതിനായി ചുവടെച്ചേർത്തിട്ടുണ്ട്. |
| ഐറ്റം നമ്പർ - 3<br>സംയോജിത കിലയുടെ കരട് നിയമാവലി (Service Bye law) - സംബന്ധിച്ച്<br><br>**തീരുമാനം : കിലയുടെ പുതുക്കിയ കരട് നിയമാവലിയുടെ ഓരോ ഖണ്ഡികയും എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച** | |

| | |
|---|---|
| ചെയ്ത് ഭേദഗതികൾ നിർദ്ദേശിച്ചു. അതോടൊപ്പം താഴെപ്പറയുന്ന തീരുമാനങ്ങൾക്കനുസൃതമായി കരട് നിയമാവലി തയ്യാറാക്കി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.<br>1) കരട് നിയമാവലിയിൽ വരുത്തേണ്ട മാറ്റങ്ങൾ, ഭേദഗതികൾ എന്നിവ സംബന്ധിച്ച് കൂടുതൽ അഭിപ്രായങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് ഉണ്ടെങ്കിൽ ആയത് 23/10/2021 നകം ഡയറക്ടർ ജനറലിന് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.<br>2) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗങ്ങളിൽ നിന്ന് ലഭ്യമായ അഭിപ്രായങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് കരട് നിയമാവലി തയ്യാറാക്കേണ്ടതാണ്.<br>3) കില മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ നിയമങ്ങൾക്ക് അനുസൃതമായി ആവശ്യമായ ഭേദഗതികൾ നിയമാവലിയിൽ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.<br>4) ഡയറക്ടർ ജനറൽ തലത്തിൽ തീരുമാനിക്കേണ്ടതും എക്സിക്യൂട്ടീവ് കമ്മിറ്റി / ഗവേണിംഗ് കൌൺസിൽ തലത്തിൽ തീരുമാനിക്കേണ്ടതുമായ വിഷയങ്ങൾ സംബന്ധിച്ച് പുതുക്കിയ നിയമാവലിയിൽ വ്യക്തത വരുത്തേണ്ടതാണ്. അതത് തലങ്ങളിൽ തീരുമാനിക്കുവാൻ കഴിയുന്ന കാര്യങ്ങൾ അതത് | എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്കനുസൃതമായി കരട് നിയമാവലി തയ്യാറാക്കി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയത് പ്രകാരം തയ്യാറാക്കിയ പുതുക്കിയ കരട് നിയമാവലി 09/11/2021 തീയതിയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അജണ്ട ഐറ്റം നം. 3 ആയി സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| തലങ്ങളിൽ തന്നെ തീരുമാനിക്കപ്പെടണം എന്ന തത്വമാണ് സ്വീകരിക്കേണ്ടത് **(Principle of Subsidiarity).** | |

| | |
|---|---|
| ഐറ്റം നമ്പർ - 4<br>കിലയുടെ HR പോളിസി - സംബന്ധിച്ച്<br>**തീരുമാനം : തീരുമാനം :**<br>**സംയോജിത കിലയുടെ HR പോളിസി കരട് എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് ഭേദഗതികൾ നിർദ്ദേശിച്ചതോടൊപ്പം കരട് HR പോളിസിയിൽ വരുത്തേണ്ട മാറ്റങ്ങൾ, ഭേദഗതികൾ എന്നിവ സംബന്ധിച്ച് കൂടുതൽ അഭിപ്രായങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് ഉണ്ടെങ്കിൽ ആയത് 23/10/2021 നകം ഡയറക്ടർ ജനറലിന് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു. താഴെപ്പറയുന്ന തീരുമാനങ്ങൾക്കനുസൃതമായി സംയോജിത കിലയുടെ HR പോളിസി കരട് തയ്യാറാക്കി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി**<br>**1. കില മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, പുതുക്കിയ കരട് നിയമാവലി എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ളവക്ക് അനുയോജ്യമായ രീതിയിലാണ് സംയോജിത കിലയുടെ HR പോളിസി (കരട്) തയ്യാറാക്കിയിട്ടുള്ളത് എന്ന് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്**<br>**2. സംയോജിത കിലയുടെ HR പോളിസി കരട് തയ്യാറാക്കുമ്പോൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ ലഭ്യമായ അഭിപ്രായങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.**<br>**3. കില മെമ്മോറാണ്ടം ഓഫ് അസോസിയേഷനും കില സർവ്വീസ്** | **എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്കനുസൃതമായി സംയോജിത കിലയുടെ HR പോളിസി കരട് അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയത് പ്രകാരം തയ്യാറാക്കിയ HR പോളിസി കരട് 09/11/2021 തീയതിയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അജണ്ട ഐറ്റം നം. 4 ആയി സമർപ്പിച്ചിട്ടുണ്ട്.** |

| | |
|---|---|
| ബൈലോയും HR പോളിസിയും പരസ്പര പൂരകമായിരിക്കണമെന്നും ഇരട്ടിപ്പുകൾ പരമാവധി ഒഴിവാക്കണമെന്നും എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചു<br>4. കാലാകാലങ്ങളിൽ മാറ്റം വരുത്തേണ്ടവ പ്രത്യേക Rules/Protocol തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഉൾപ്പെടുത്താവുന്ന രീതിയിലാകണം എന്നും നിർദ്ദേശിച്ചു. | |

| ACTION TAKEN REPORT ON THE DECISION OF THE 15th EXECUTIVE COMMITTEE MEETING HELD ON 10/08/2021 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **ഐറ്റം നമ്പർ - 3**<br>ഓഡിറ്റ് റിപ്പോർട്ട്: 2020-21<br>അംഗീകരിക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം :** | |
| 1) 2020-21 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോട് കൂടി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.<br>2) ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ വിശദമായി ചർച്ച് ചെയ്ത് താഴെപ്പറയുന്ന കാര്യങ്ങൾ വിലയിരുത്തുകയും തീരുമാനിക്കയുമുണ്ടായി. | അടുത്ത ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |
| (1) 2012-13 മുതൽ 2014-15 വരെയും 2015-16 മുതൽ 2016-17 വരെയുള്ള കാലഘട്ടങ്ങളിലെ സംസ്ഥാന സർക്കാരിൽ നിന്നും കിലക്ക് അനുവദിച്ച് നൽകിയിട്ടുള്ള ഗ്രാന്റ് ഇൻ എയ്ഡ് (പ്ലാൻ) ധനസഹായത്താൽ നടപ്പിലാക്കിയ കാര്യശേഷി വികസന പരിപാടികൾക്ക് സർവ്വീസ് ടാക്സ് ചുമത്തിക്കൊണ്ട് Central Board of Indirect Tax and Customs ൽ. നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസിന്മേൽ Department of Customs and Excise and Service Tax Banglore ലുള്ള Appellate Tribunal മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ടി അപ്പീലിന്മേലുള്ള ഹിയറിംഗ് pending | Department of Customs and Excise and Service Tax Banglore ലുള്ള Appellate Tribunal മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേലുള്ള ഹിയറിംഗ് pending ആണ്. |

| | |
|---|---|
| ആണ് എന്ന് വിലയിരുത്തി. | |
| (2) കേന്ദ്ര സർക്കാരിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന കാര്യശേഷി വികസന പദ്ധതിക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കിയിട്ടുള്ളത് പോലെതന്നെ സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന കാര്യശേഷി വികസന പദ്ധതിക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൽ നിന്നും കേന്ദ്ര ധനകാര്യ വകുപ്പിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ തീരുമാനിച്ചു. നടപടി: കില ഡയറക്ടർ ജനറൽ | സർവ്വീസ് ടാക്സ് ഒഴിവാക്കുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൽ നിന്നും കേന്ദ്ര ധനകാര്യ വകുപ്പിലേക്ക് സമർപ്പിക്കുന്നതിനാവശ്യമായ കരട് കത്ത് സഹിതം 2016/101/370/HQ നമ്പർ അപേക്ഷ 25/08/2021 തീയതിയിൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (3) GST (Reverse Caharge) സംബന്ധിച്ച് ജി എസ് ടി കൺസൾട്ടന്റുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളുവൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | GST (Reverse Caharge) സംബന്ധിച്ച് ജി എസ് ടി കൺസൾട്ടന്റുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (4) Project Asset Management ലെയും MGP Replication Project ന്റെയും unutilized തുകകൾ 2021-22 സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | Project Asset Management ലെയും MGP Replication Project ന്റെയും unutilized തുകകൾ 2021-22 സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനുള്ള പ്രപ്പോസ്സൽ തയ്യാറാക്കുവാനുള്ള നടപടി ആരംഭിച്ചു. ആയതിന് കില ഫാക്കൽറ്റി അംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (5) കിലയിൽ നിന്നും വിവിധ പരിപാടികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള മുൻകൂർ തുക സെറ്റിൽ ചെയ്യുന്നത് സംബന്ധിച്ച പരാമർശം വിശദമായി ചർച്ച ചെയ്തു. ആയത് 2021 നവംബറിനകം തീർപ്പാക്കുന്നതിലേക്കായി അടിയന്തിര പ്രാധാന്യം നൽകുവാനും കില ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തുവാനും കില ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകി. | |

| | |
|---|---|
| ഐറ്റം നമ്പർ - 4<br>സയോജിത കിലയുടെ കരട് നിയമാവലി (Service Bye law) - സംബന്ധിച്ച്<br><br>**തീരുമാനം :**<br>സംയോജിത കിലയുടെ കരട് നിയമാവലി (സർവ്വീസ് ബൈലോ) വിശദമായി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുവാൻ തീരുമാനിച്ചു. കരട് നിയമാവലിയുടെ PPT അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കുവാൻ നിർദ്ദേശിച്ചു. | കമ്മിറ്റി തീരുമാനപ്രകാരം 16/10/2021 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സംയോജിത കിലയുടെ കരട് നിയമാവലി സമർപ്പിക്കുകയും ടി കമ്മിറ്റിയുടെ തീരുമാനങ്ങൾക്കനുസൃതമായി തയ്യാറാക്കിയ പുതുക്കിയ കരട് നിയമാവലി 09/11/2021 തീയതിയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അജണ്ട ഐറ്റം നം. 3 ആയി സമർപ്പിച്ചിട്ടുണ്ട്. |
| ഐറ്റം നമ്പർ - 5<br>മുൻ ഇടിസികളുടെ ലയനം - സംബന്ധിച്ച്<br><br>**തീരുമാനം :**<br>തളിപറമ്പ, കൊട്ടാരക്കര, മണ്ണുത്തി എന്നീ മൂന്ന് കേന്ദ്രങ്ങളിലെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി താഴെപ്പറയുന്ന നടപടികൾ കൈക്കൊള്ളുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി<br>1. ഭരണ നടപടിക്രമങ്ങളും സാമ്പത്തിക ഇടപാടുകളും സംയോജിപ്പിച്ചുകൊണ്ട് ഒരു കുടക്കീഴിൽക്കൊണ്ടുവരിക<br>2. മൂന്ന് സെന്ററുകളിലേയും ആസ്തി വിവരങ്ങൾ ശേഖരിക്കുക<br>3. സെന്ററുകളിലെ ഭരണ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി ആവശ്യമായ കമ്പ്യൂട്ടർ സംവിധാനം സജ്ജമാക്കിക്കൊണ്ട് ഇലക്ട്രോണിക് ഫയൽ ഫ്ലോ സിസ്റ്റം നടപ്പിലാക്കുവാൻ തീരുമാനിച്ചു.<br><br>4. തളിപറമ്പ, കൊട്ടാരക്കര, മണ്ണുത്തി എന്നീ മൂന്ന് കേന്ദ്രങ്ങളിലെയും | മൂന്ന് സെന്ററുകളിലേയും ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിനായി അതാത് പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം നടപടികൾ കൈകൊണ്ടു വരുന്നു<br><br>അറ്റകുറ്റപ്പണികൾ അടിയന്തിരമായി |

| | |
|---|---|
| കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ആവശ്യമായ ഫർണ്ണീച്ചറുകൾ ഉൾപ്പെടെ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനും തീരുമാനിച്ചു. | നടപ്പിലാക്കേണ്ടവയുടെ എസ്റ്റിമേറ്റ് എടുത്ത് വർക്കിംഗ് ഗ്രൂപ്പിൽ വെച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |
| 5. തളിപ്പറമ്പിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കേന്ദ്രം സജ്ജമാക്കുവാൻ തീരുമാനിച്ചു | തളിപ്പറമ്പിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കേന്ദ്രം സജ്ജമാക്കുന്നതിന്റെ ആദ്യഘട്ടമായി ഒരു പരിശീലന ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ വർക്കിംഗ് മുമ്പാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |
| ഐറ്റം നമ്പർ - 6<br>കില കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം സംബന്ധിച്ച്<br><br>തീരുമാനം :<br>ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങളിലൂടെ കില കാമ്പസിനോട് ചേർന്ന് കിടക്കുന്ന ഭൂമി ഏറ്റെടുത്ത് കിലക്ക് ലഭ്യമാക്കുന്ന മുറക്ക് കില കൺവെൻഷൻ സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ, വിശദമായ പ്ലാൻ , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് താൽപ്പര്യ പത്രം (EoI) ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും തുടർനടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി | ഭൂമി ഏറ്റെടുത്ത് കിലക്ക് ലഭ്യമാക്കുന്ന മുറക്ക് തുടർ നടപടികൾ കൈകൊള്ളുന്നതാണ്. |
| ഐറ്റം നമ്പർ - 7<br>പ്രൊഫസർ തസ്തിക നിയമനം നടത്തുന്നത് - സംബന്ധിച്ച് | |

| | |
|---|---|
| തീരുമാനം :<br>പ്രൊഫസർ തസ്തികയിൽ ഒഴിവ് വന്ന സാഹചര്യത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും പ്രമോഷൻ സംബന്ധിച്ച നടപടികൾ HR Policy അംഗീകരിച്ച് ലഭ്യമാക്കുന്നതിനനുസൃമായി തീരുമാനങ്ങൾ കൈക്കൊള്ളാമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തി. | കമ്മിറ്റി തീരുമാനപ്രകാരം 16/10/2021 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ കരട് HR Policy സമർപ്പിക്കുകയും ടി കമ്മിറ്റിയുടെ തീരുമാനങ്ങൾക്കനുസൃതമായി തയ്യാറാക്കിയ കരട് HR Policy 09/11/2021 തീയതിയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അജണ്ട ഐറ്റം നം. 4 ആയി സമർപ്പിച്ചിട്ടുണ്ട്. |
| ഐറ്റം നമ്പർ - 8<br>Assistant (II/I/Sr.Gr/Selection Grade) തസ്തികയിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്<br><br>തീരുമാനം :<br>തദ്ദേശസ്വയംഭരണ വകുപ്പ്, വിവിധ ബോർഡുകൾ, കോർപറേഷനുകൾ , സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം നിയമനം ലഭിച്ചിട്ടുള്ളതും സമാന തസ്തികയിൽ (അസിസ്റ്റന്റ് / ക്ലർക്ക്) സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ തല്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി കിലയിൽ ഒഴിവുള്ള താഴെപ്പറയുന്ന നാല് Assistant (II/I/Sr.Gr/Selection Grade) തസ്തികയിലേക്ക് നിയമനം നടത്തുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർനടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 06/11/2021 |

<table>
<tr>
<td>
<table>
<tr><th>ക്രമ നമ്പർ</th><th>തസ്തിക</th><th>ഒഴിവുകളുടെ എണ്ണം</th><th>ശമ്പള നിരക്ക് (pre-revised)</th><th>യോഗ്യതാ മാനദണ്ഡം</th></tr>
<tr><td>1.</td><td>Assistant (II/I/Sr.Gr/Selection Grade)</td><td>1</td><td>20000-45800</td><td>ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും</td></tr>
<tr><td>2.</td><td>Assistant (II/I/Sr.Gr/Selection Grade)</td><td>3</td><td>19000-43600</td><td>ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും</td></tr>
</table>
</td>
<td></td>
</tr>
<tr>
<td>ഐറ്റം നമ്പർ - 9<br>കില കാന്റീൻ നടത്തുന്ന വിജയശ്രീ കുടുംബശ്രീക്ക് നിലവിൽ അനുവദിച്ച മെസ് നിരക്കിൽ വർദ്ധനവ് വരുത്തുന്നത് സംബന്ധിച്ച്<br><br>തീരുമാനം :<br>കാന്റീൻ നടത്തിപ്പുമായി ബന്ധപ്പെട്ട അവശ്യ സാധന സാമഗ്രികളുടെ വില വർദ്ധനവ് പരിഗണിച്ച് മെസ് നിരക്കിൽ വർദ്ധനവിനുള്ള വിജയശ്രീ കുടുംബശ്രീയുടെ അപേക്ഷ പരിഗണിച്ച് നിലവിവുള്ള മെസ് നിരക്കിന്റെ 10% വർദ്ധനവ് നൽകുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.</td>
<td>എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നടപ്പിലാക്കി.</td>
</tr>
<tr>
<td>ഐറ്റം നമ്പർ - 10<br>കില കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന മാതൃക അംഗൻവാടിയോട് ചേർന്ന് കുടുംബാരോഗ്യ ഉപകേന്ദ്രവും, കൃഷിഭവൻ സബ് സെന്ററും സ്ഥാപിക്കുന്നതിനായി സ്ഥലം അനുവദിക്കുന്നത് – സംബന്ധിച്ച്<br><br>തീരുമാനം :<br>കില കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന മാതൃക അംഗൻവാടിയോട് ചേർന്ന് കുടുംബാരോഗ്യ ഉപകേന്ദ്രവും, കൃഷിഭവൻ സബ് സെന്ററും സ്ഥാപിക്കുന്നതിനായി സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും സ്ഥലം അനുവദിക്കുന്നത്</td>
<td>അടുത്ത ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതാണ്.</td>
</tr>
</table>

| | |
|---|---|
| കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിധിയിൽ വരാത്തതിനാൽ പ്രസ്തുത അപേക്ഷ ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു | |
| ഐറ്റം നമ്പർ -11<br>കിലയിൽ വാഹനങ്ങൾ വാടകക്ക് കരാർ നല്കിയ ഏജൻസിക്ക് കരാർ തുക വർദ്ധിപ്പിച്ച് നല്കുന്നത് - സംബന്ധിച്ച്<br>തീരുമാനം :<br>2019-20 സാമ്പത്തിക വർഷത്തിൽ കിലയിൽ വാഹനങ്ങൾ വാടകക്ക് കരാർ നല്കിയ ഉരു ട്രാവൽസിന്റെ വാടക നിരക്കിൽ കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ നിരക്ക് വർദ്ധനവ് നൽകിയിട്ടില്ല എന്നതും ഇന്ധന വില വർദ്ധനവ് പരിഗണിച്ചും നിലവിലുള്ള വാടക നിരക്കിന്റെ 15% വർദ്ധനവ് നൽകുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. | എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നടപ്പിലാക്കി. |
| ഐറ്റം നമ്പർ -12<br>കില ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകൾ ബഹു. കേരള ഹൈക്കോടതി വിധി – തുടർനടപടികൾ സംബന്ധിച്ച്<br>തീരുമാനം:<br>കില ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകൾ ബഹു. കേരള ഹൈക്കോടതിയുടെ വിധി പ്രകാരം തുക നൽകി തീർപ്പാക്കിയ കില ഡയറക്ടർ ജനറലിന്റെ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. | നടപടി പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ - 13<br>LA അപ്പീൽ കേസുകൾ - പ്രൊഫഷണൽ ഫീസ് സംബന്ധിച്ച്<br>തീരുമാനം:<br>കില ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകളുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് മോഹൻദാസിന് പ്രൊഫഷണൽ ഫീ നൽകുന്നത് സംബന്ധിച്ച് തീരുമാനം അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ ചർച്ച | ഫീസ് നിരക്ക് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

| | |
|---|---|
| ചെയ്യുന്നതിനായി മാറ്റി വെച്ചു. നിലവിൽ സമാന കേസുകളിൽ ഫീസ് നിരക്ക് സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങളുണ്ടോ എന്നന്വേഷിച്ച് റിപ്പോർട്ട് ചെയ്യുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | |
| ഐറ്റം നമ്പർ - 14<br>കിലയുടെ HR പോളിസി -സംബന്ധിച്ച്<br><br>തീരുമാനം:<br>എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തിയ സബ്കമ്മറ്റി തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുന്നതിനായി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. | കമ്മിറ്റി തീരുമാനപ്രകാരം 16/10/2021 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ കരട് HR Poilcy സമർപ്പിക്കുകയും ടി കമ്മിറ്റിയുടെ തീരുമാനങ്ങൾക്കനുസൃതമായി തയ്യാറാക്കിയ കരട് HR Poilcy 09/11/2021 തീയതിയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അജണ്ട ഐറ്റം നം. 4 ആയി സമർപ്പിച്ചിട്ടുണ്ട്. |
| ഐറ്റം നമ്പർ - 15<br>കില സിടിഡിഎൻആർഎം, അഗളി സെന്ററിലുള്ള വാഹനങ്ങൾ – കൈമാറുന്നത് - സംബന്ധിച്ച്<br>തീരുമാനം :<br>കിലയുടെ അധീനതയിലുള്ള മുൻ അഹാഡ്സിലെ വാഹനങ്ങൾ കൈമാറിയ കില ഡയറക്ടർ ജനറലുടെ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. | നടപടി പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ - 16<br>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ - സബ് കമ്മിറ്റിയുടെ അംഗീകാരം ക്രമവൽക്കരിക്കുന്നത് - സംബന്ധിച്ച്<br>തീരുമാനം :<br>സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടറുമായി ബന്ധപ്പെട്ട 26/05/2021, 13/07/2021 തിയതികളിലെ സബ് കമ്മിറ്റിയുടെ | നടപടി പൂർത്തീകരിച്ചു |

| | |
|---|---|
| മിനിറ്റ്സുകൾ എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിച്ചു. | |
| ഐറ്റം നമ്പർ - 17<br>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാകുന്നത് സംബന്ധിച്ച് -<br><br>**തീരുമാനം :**<br>**തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിലൂടെ മാത്രമേ 18/06/2019-ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No.2396/2019/GEDN സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്കൂളുകളുടെ പദ്ധതി നിർവ്വഹണം നടത്താനാവുകയുള്ളൂ എന്നതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനും തീരുമാനത്തിനുമായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.** | അടുത്ത ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതാണ്. |
| ഐറ്റം നമ്പർ - 18<br>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - 200 സ്കൂളുകളുടെ പശ്ചാത്തല സൌകര്യ വികസനം (3 കോടി വീതം)<br>**തീരുമാനം :**<br>**200 സ്കൂളുകളുടെ പശ്ചാത്തല സൌകര്യ വികസന ( 3 കോടി വീതം) ത്തിനായുള്ള പ്രവർത്തനങ്ങൾ കില ഏറ്റെടുക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി ആശങ്ക അറിയിച്ചു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങളെന്ന നിലയിൽ പ്രസ്തുത സ്കൂളുകൾ സംബന്ധിച്ച തീരുമാനം സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പിലാക്കേണ്ടതാണ്.** | തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക സഹായവും ചുമതലകളും ഉത്തരവാദിത്തങ്ങളും നിക്ഷിപ്തമാക്കിക്കൊണ്ടുള്ള ഉത്തരവ് ലഭിക്കുന്നതിലേക്കായി 20/05/2021 തീയതിയിൽ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |

| | |
|---|---|
| ഐറ്റം നമ്പർ - 19<br>കില – കിഫ്ബി പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ശ്രീ സാഹ്ജി കെ.ജി.യെ കൺസൾട്ടൻസി അടിസ്ഥാനത്തിൽ നിയോഗിച്ചത് – സംബന്ധിച്ച്<br><br>തീരുമാനം :<br>കില കിഫ്ബി പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ശ്രീ സാഹ്ജി കെ.ജി. സർവ്വീസിൽ നിന്ന് വിരമിച്ചതിനെ തുടർന്ന് പ്രൊജക്റ്റിൽ നിയോഗിച്ച കില ഡയറക്ടർ ജനറലുടെ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു | നടപടി പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ - 20<br>കില പ്രവർത്തന റിപ്പോർട്ട്<br><br>തീരുമാനം :<br>2021-22 സാമ്പത്തിക വർഷത്തിൽ കില നടപ്പിലാക്കിയതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ പരിപാടികൾ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു | നടപടി പൂർത്തീകരിച്ചു |

| ACTION TAKEN REPORT ON THE DECISION OF THE 13th EXECUTIVE COMMITTEE MEETING HELD ON 22/02/2021 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **ഐറ്റം നമ്പർ : 02**<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br>**തീരുമാനം :**<br>1. മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി. അതോടൊപ്പം താഴെപ്പറയുന്നവ നടപ്പിലാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.<br>(1) മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ.വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട ) ന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക കിലയിൽ നിന്ന് ടിയാന് നൽകിയത് ഗ്രാമവികസന കമ്മീഷണറിൽ നിന്ന് അടിയന്തിരമായി കിലക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം ശ്രീ. അജയകുമാർ.വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട ) ക്ക് കിലയിൽ നിന്ന് നൽകിയ ശമ്പള പരിഷ്കരണ കുടിശ്ശിക തിരിച്ച് ലഭിക്കുന്നതിനായി ഗ്രാമവികസന കമ്മീഷണർക്ക് കത്തയച്ചിട്ടുണ്ട്. |
| **ഐറ്റം നമ്പർ : 03**<br>2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്- സംബന്ധിച്ച്<br>**തീരുമാനം :**<br>1. 2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു . എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു. | 2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് അടുത്ത ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |

| | |
|---|---|
| **ഐറ്റം നമ്പർ -04**<br>FCRA അക്കൗണ്ട് - SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ അക്കൗണ്ട് തുടങ്ങുന്നത് - സംബന്ധിച്ച്<br>**തീരുമാനം :**<br>SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ FCRA അക്കൗണ്ട് തുടങ്ങുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകി. കിലക്ക് FCRA അക്കൗണ്ട് നിലവിലുണ്ട് എന്നതിനാൽ തന്നെ പുതുക്കിയ മാർഗ്ഗനിർദ്ദേശം പാലിച്ചുകൊണ്ട് അക്കൗണ്ട് തുടങ്ങുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. ഇത് സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും വ്യക്തമായി പരിശോധിച്ച് വേണം നടപടികൾ എടുക്കാൻ. | എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതി പ്രകാരം SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ FCRA അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു. FCRA അക്കൗണ്ട് ഓപ്പൺ ചെയ്ത് ലഭിച്ചിട്ടില്ല. ആയതിലേക്കുള്ള നടപടിക്രമങ്ങൾ കൈക്കൊണ്ട് വരുന്നു. |
| **അദ്ധ്യക്ഷ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ**<br>**ഐറ്റം നമ്പർ -01**<br>പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് - സംബന്ധിച്ച്<br>**തീരുമാനം**<br>ലൈഫ് മിഷനുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കിലയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. | റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

<table>
<tr><th colspan="2">ACTION TAKEN REPORT ON THE DECISION OF THE 12th EXECUTIVE COMMITTEE MEETING HELD ON 04/01/2021</th></tr>
<tr><th>Executive Committee Decision</th><th>Action Taken</th></tr>
<tr><td>ഐറ്റം നമ്പർ -04<br>റിസർച്ച് അസോസിയേറ്റ് നിയമനം – സംബന്ധിച്ച് തീരുമാനം<br>റിസർച്ച് അസോസിയേറ്റുകളായി സേവനം അനുഷ്ഠിക്കുന്നവരുടെ കാലാവധി പൂർത്തീകരിക്കുന്നത് അനുസരിച്ച് 3 വർഷത്തേക്ക് കരാർ നിയമനം നൽകുന്നതിന് തീരുമാനിച്ചു. തുടർന്ന് 3 വർഷക്കാലാവധിക്കു ശേഷം Performance Evaluation ന്റെ അടിസ്ഥാനത്തിലും കിലയിലെ HR പോളിസിക്ക് വിധേയമായും സ്ഥിരിപ്പെടുത്തുവാൻ തീരുമാനിച്ചു. തസ്തികയിലെ യോഗ്യതാ മാനദണ്ഡം താഴെപ്പറയും പ്രകാരം പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.
<table>
<tr><td>Scale of Pay for thePost of Research Associte</td><td>Rs.29200-62400</td></tr>
<tr><td>Eligible Qualification (As amended by Executive Commitee decision dated 24/10/2018 – tem No.4)</td><td>Essential Qualification<br>• Post Graduate Degree in Public Administration/ Political Science / Rural Development / Regional Planning / Area Planning/Mathematics/Statistics/in any related subject<br>• First class Graduation in Mathematics/Statistics<br>• Experience in collection of data and survey<br>• Certificate in data science and analytical programme – course not less than 3 months or the PG curriculum should include the topic<br>Desirable:<br>• M Phil.<br>• Publication of papers/ articles.<br>• Proficiency in Data base Management/Software/Big data Analytics Data Mining<br>• Past experience in Data Processing/Data Analysis</td></tr>
<tr><td colspan="2">അപേക്ഷ ക്ഷണിക്കുമ്പോൾ 3 വർഷത്തിന് ശേഷം സ്ഥിരപ്പെടുത്തിയേക്കാമെന്നും ആയത് കിലയുടെ HR പോളിസിയുടെ അടിസ്ഥാനത്തിലായിരിക്കുമെന്നും സൂചിപ്പിക്കണം. ലിസ്റ്റിന് ഒരു വർഷം കാലാവധിയുണ്ടാകും.</td></tr>
</table>
</td><td>തീരുമാനപ്രകാരം റിസർച്ച് അസോസിയേറ്റ് തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നതിന് പ്രമുഖ പത്രങ്ങളിലും കില വെബ്സൈറ്റിലും പരസ്യം നൽകിയതിനെ തുടർന്ന് 180 അപേക്ഷകൾ ലഭ്യമായി. പ്രാഥമിക പരിശോധനയിൽ 97 അപേക്ഷകൾ നോട്ടിഫിക്കേഷൻ പ്രകാരം യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി അപേക്ഷകർക്ക് Gulati Institute of Finance and Taxation (GIFT), തയാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ചെറുതുരുത്തി Jyothi Engg. College 31/8/2021 തീയതിയിൽ കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ നടത്തുകയും ചെയ്തു. ഓൺലൈൻ മുഖേന ഇന്റർവ്യൂ നടത്തിയതിനെ തുടർന്ന് ഒന്നാം റാങ്ക് കരസ്ഥമാക്കിയ ശ്രീമതി.സുകന്യ .കെ. യു. റിസർച്ച് അസോസിയേറ്റ് തസ്തികയിലേക്ക് നിയമനം നൽകുകയും ടി തസ്തികയിൽ 01.09.2021 തീയതിയിൽജോലിയിൽ പ്രവേശിക്കുകയും ചെയ്തു</td></tr>
</table>

തീരുമാനം :

1. മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി.
2. 10/08/2021 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി ഐറ്റം നം: 13 - കില ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകളുടെ പ്രൊഫഷണൽ ഫീ നിരക്ക് സംബന്ധിച്ച് അഡ്വക്കേറ്റുമായി ചർച്ച ചെയ്ത് സമവായത്തിലെത്തുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.
3. 22/02/2021 എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതി പ്രകാരം SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ FCRA അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി ഏതു തരം അക്കൗണ്ട് ആണ് കില ഓപ്പൺ ചെയ്യുന്നത് എന്നത് അറിയിക്കണമെന്ന് FCRA CELL ൽ നിന്ന് നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു:

SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ കിലക്ക് ലഭിക്കുന്ന FCRA fund കൈകാര്യം ചെയ്യുന്നതിലേക്കായി Current Account കില ഡയറക്ടർ ജനറലിന്റെ പേരിൽ തുടങ്ങുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.

ഐറ്റം നമ്പർ - 3

സയോജിത കിലയുടെ കരട് നിയമാവലി (Service Bye law) - സംബന്ധിച്ച്

തദ്ദേശഭരണത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്ഥാപനമായി കിലയെ ഉയർത്തുമെന്ന പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് 2017 ഫെബ്രുവരി 23 ന് ബഹുമാനപ്പെട്ട കേരള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലുള്ള അഹാഡ്സ് – സിസിപിആർഎം, കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലുള്ള എസ്ഐആർഡി എന്നീ സ്ഥാപനങ്ങൾ കിലയുമായി സംയോജിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണപരമായും അക്കാദമിക്പരമായുമുള്ള പ്രവർത്തനം ഏകോപിപ്പിച്ചു.

23/07/2020 തീയതിയിലെ ഗവേണിംഗ് കൌൺസിൽ യോഗ തീരുമാന പ്രകാരം സംയോജിത കിലയുടെ നിയമാവലി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചു. കിലയിലെയും മുൻ എസ്.ഐ.ആർ.ഡിയിലെയും നിയമാവലികളിൽ ഉൾപ്പെട്ടുത്തേണ്ടിയിരുന്നവ കൂടി പരിഗണിച്ച് നിയമാവലി പൂർത്തീകരിക്കുന്നതിനായി കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി.

24/05/2017 ലെ സ.ഉ (കൈ) നം.103/2017തസ്വഭവ പ്രകാരം കിലയുമായി സംയോജിപ്പിച്ചിരിക്കുന്ന മുൻ എസ്.ഐ.ആർ.ഡി യിലെ നിയമാവലിയിലെ പ്രസക്തഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി ആവശ്യമായ ഭേദഗതി വരുത്തി തയ്യാറാക്കിയ സംയോജിത കിലയുടെ കരട് നിയമാവലി (സർവ്വീസ് ബൈലോ) 10/08/2021 ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ തീരുമാന പ്രകാരം കിലയുടെ കരട് നിയമാവലി 16/10/2021 തീയതിയിൽ ചേർന്ന പതിനാറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. കരട് നിയമാവലിയുടെ ഓരോ ഖണ്ഡികയും 16/10/2021 തീയതിയിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് ഭേദഗതികൾ നിർദ്ദേശിക്കുകയും അതോടൊപ്പം താഴെപ്പറയുന്ന തീരുമാനങ്ങൾക്കനുസൃതമായി കരട് നിയമാവലി തയ്യാറാക്കി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1) കരട് നിയമാവലിയിൽ വരുത്തേണ്ട മാറ്റങ്ങൾ, ഭേദഗതികൾ എന്നിവ സംബന്ധിച്ച് കൂടുതൽ അഭിപ്രായങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് ഉണ്ടെങ്കിൽ ആയത് 23/10/2021 നകം ഡയറക്ടർ ജനറലിന് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

2) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗങ്ങളിൽ നിന്ന് ലഭ്യമായ അഭിപ്രായങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് കരട് നിയമാവലി തയ്യാറാക്കേണ്ടതാണ്.

3) കില മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ നിയമങ്ങൾക്ക് അനുസൃതമായി ആവശ്യമായ ഭേദഗതികൾ നിയമാവലിയിൽ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4) ഡയറക്ടർ ജനറൽ തലത്തിൽ തീരുമാനിക്കേണ്ടതും എക്സിക്യൂട്ടീവ് കമ്മിറ്റി/ ഗവേണിംഗ് കൌൺസിൽ തലത്തിൽ തീരുമാനിക്കേണ്ടതുമായ വിഷയങ്ങൾ സംബന്ധിച്ച് പുതുക്കിയ നിയമാവലിയിൽ വ്യക്തത വരുത്തേണ്ടതാണ്. അതത് തലങ്ങളിൽ തീരുമാനിക്കുവാൻ കഴിയുന്ന കാര്യങ്ങൾ അതത് തലങ്ങളിൽ തന്നെ തീരുമാനിക്കപ്പെടണം എന്ന തത്വമാണ് സ്വീകരിക്കേണ്ടത് (Principle of Subsidiarity)

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്കനുസൃതമായി തയ്യാറാക്കിയ കിലയുടെ പുതുക്കിയ കരട് നിയമാവലി (സർവ്വീസ് ബൈലോ) അംഗീകാരത്തിനായി (അനുബന്ധം - 2) സമർപ്പിക്കുന്നു.

തീരുമാനം :

സംയോജിത കിലയുടെ കരട് നിയമാവലി എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിക്കുകയും വിശദമായി ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചു. ടി ഭേദഗതികളോടെ കിലയുടെ കരട് നിയമാവലി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കുകയും നിർദ്ദേശിച്ച ഭേദഗതികൾ വരുത്തിയ കരട് നിയമാവലി ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശ ചെയ്തു. ആയതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ - 4

സംയോജിത കിലയുടെ കരട് HR പോളിസി - സംബന്ധിച്ച്

25/03/2021 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം സംയോജിത കിലയുടെ HR പോളിസി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കില ഫാക്കൽറ്റി അംഗങ്ങൾ സമർപ്പിച്ച അപേക്ഷ കണക്കിലെടുത്ത് ഫാക്കൽറ്റി അംഗങ്ങളെ കോടതി സമയപരിധി കണക്കിലെടുത്ത് അടിയന്തിരമായി നേരിൽ കേൾക്കുവാനും തുടർന്ന് റിപ്പോർട്ട് സമർപ്പിക്കുവാനും സബ്കമ്മറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. സബ്കമ്മറ്റി തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് 10/08/2021 ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി തീരുമാന പ്രകാരം സബ്കമ്മറ്റി തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് വിശദമായ പരിശോധനക്കായി 16/10/2021 തീയതിയിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത കമ്മിറ്റി സംയോജിത കിലയുടെ HR പോളിസി കരട് വിശദമായി ചർച്ച ചെയ്ത് ഭേദഗതികൾ നിർദ്ദേശിച്ചതോടൊപ്പം കരട് HR പോളിസിയിൽ വരുത്തേണ്ട മാറ്റങ്ങൾ, ഭേദഗതികൾ എന്നിവ സംബന്ധിച്ച് കൂടുതൽ അഭിപ്രായങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് ഉണ്ടെങ്കിൽ ആയത് 23/10/2021 നകം ഡയറക്ടർ ജനറലിന് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും അതോടൊപ്പം താഴെപ്പറയുന്ന തീരുമാനങ്ങൾക്കനുസൃതമായി സംയോജിത കിലയുടെ HR പോളിസി കരട് തയ്യാറാക്കി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി

1. കില മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലും പുതുക്കിയ കരട് നിയമാവലിയിലും പ്രതിപാദിച്ചിട്ടുള്ളവക്ക് അനുയോജ്യമായ രീതിയിലാണ് സംയോജിത കിലയുടെ HR പോളിസി (കരട്) തയ്യാറാക്കിയിട്ടുള്ളത് എന്ന് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്
2. സംയോജിത കിലയുടെ HR പോളിസി കരട് തയ്യാറാക്കുമ്പോൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ ലഭ്യമായ അഭിപ്രായങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

3. കില മെമ്മോറാണ്ടം ഓഫ് അസോസിയേഷനും കില സർവ്വീസ് ബൈലോയും HR പോളിസിയും പരസ്പര പൂരകമായിരിക്കണമെന്നും ഇരട്ടിപ്പുകൾ പരമാവധി ഒഴിവാക്കണമെന്നും എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചു

4. കാലാകാലങ്ങളിൽ മാറ്റം വരുത്തേണ്ടവ പ്രത്യേക Rules/Protocol തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഉൾപ്പെടുത്താവുന്ന രീതിയിലാകണം എന്നും നിർദ്ദേശിച്ചു.

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്കനുസൃതമായി തയ്യാറാക്കിയ സംയോജിത കിലയുടെ HR പോളിസി കരട് (അനുബന്ധം 3) കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**തീരുമാനം :**

സംയോജിത കിലയുടെ HR പോളിസി കരട് എക്സിക്യൂട്ടീവ് കമ്മറ്റി പരിശോധിക്കുകയും വിശദമായി ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചു. ടി ഭേദഗതികളോടെ കിലയുടെ HR പോളിസി കരട് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കുകയും നിർദ്ദേശിച്ച ഭേദഗതികൾ വരുത്തിയ HR പോളിസി കരട് ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശ ചെയ്തു. ആയതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.

യോഗം വൈകിട്ട് 6.30 ന് അവസാനിച്ചു.

ചെയർപേഴ്സൺ, എക്സിക്യൂട്ടീവ് കമ്മിറ്റി